Draft #1 of File 15075/CITAD 2/2020/REG SECT Approved by ASSISTANT REGISTRAR V (ADMIN) on 02-Apr-2020 11:49 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കൊറോണ വൈറസ് (കോവിഡ്-19) പടരുന്നത് ഒഴിവാക്കാനായി രാജ്യവ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാല ജീവനക്കാർ വീട്ടിലിരുന്ന് ജോലി ചെയ്യുന്നത് - സീടെക്സ്, സിറ്റാഡ് വിഭാഗങ്ങളിലെ സോഫ്റ്റ്‌വെയർ ഡെവലപ്പർ മാർ കൈകാര്യം ചെയ്യുന്ന പ്രൊജക്ടുകൾ പൂർത്തികരിക്കുന്നത് -നിർദേശങ്ങൾ -സംബന്ധിച്ച്

---

**സിറ്റാഡ് സെക്ഷൻ**

നമ്പർ. 1787/CITAD/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.04.2020

---

*പരാമർശം:*-21/03/2020 തീയതിയിലെ ബഹു: വൈസ് ചാൻസിലറുടെ ഓഫീസിൽ നിന്നുള്ള രജിസ്ട്രാർക്കുള്ള വി.സി.702/2/048/2020 നമ്പർ കുറിപ്പ്

**ഉത്തരവ്**

കൊറോണ വൈറസ് (കോവിഡ്-19) പടരുന്നത് ഒഴിവാക്കാനായി രാജ്യവ്യാപകമായി ഏപ്രിൽ-14 വരെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ സർവ്വകലാശാല ജീവനക്കാർ തങ്ങളുടെ വീട്ടിലിരുന്ന് ഡി.ഡി.എഫ്.എസ് സംവിധാനം മുഖേന ഫയലുകൾ തീർപ്പാക്കുന്നതിനും സർവ്വകലാശാലയുടെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ജീവനക്കാർ മാത്രം കാര്യാലത്തിൽ ഓഫീസ് മേലധികാരിയുടെ നിർദേശാനുസരണം ഹാജരായാൽ മതിയെന്നുമുള്ള പൊതു നിർദ്ദേശത്തിനനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലോക്ക്ഡൗൺ കാലയളവിൽ ജീവനക്കാരുടെ സേവനങ്ങൾ സർവ്വകലാശാലയ്ക്ക് കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ സൂചിപ്പിച്ചിട്ടുള്ള നിർദേശങ്ങൾ നൽകിക്കൊണ്ട് ബഹു: വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1) സീടെക്സ്, സിറ്റാഡ് വിഭാഗങ്ങളിലെ സോഫ്റ്റ്‌വെയർ ഡെവലപ്പർമാർ നിലവിൽ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതികൾ എല്ലാം തന്നെ ഏപ്രിൽ-14 വരെയുള്ള കാലയളവിൽ പൂർത്തികരിക്കേണ്ടതാണ്.

2) സീടെക്സ്-ന്റെ മേൽ നോട്ടച്ചുമതലയുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ ചുമതല വഹിക്കുന്ന പ്രോഗ്രാമറും, സിറ്റാഡ്-ന്റെ ചുമതലയുള്ള ഐ.ടി കൺസൾട്ടന്റും മേൽ വിവരിച്ച പ്രവർത്തികൾ ഏകോപിപ്പിക്കേണ്ടതും ഇതു സംബന്ധിച്ച് പുരോഗതി വിലയിരുത്തി മാർഗ്ഗനിർദേശം നൽകേണ്ടതുമാണ്

Draft #1 of File 15075/CITAD 2/2020/REG SECT Approved by ASSISTANT REGISTRAR V (ADMIN) on 02-Apr-2020 11:49 AM - Page 2

3) സർവ്വകലാശാലയുടെ ഓൺലൈൻ സേവങ്ങൾ കുറ്റമറ്റ രീതിയിൽ ലോക്ക്ഡൗൺ കാലയളവിൽ ഐ.ടി ജീവനക്കാർക്ക് വീട്ടിലിരുന്ന് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള മാർഗനിർദേശം സീടെക്സ്-ന്റെ മേല്നോട്ടച്ചുമതലയുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ ചുമതല വഹിക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമറും, സിറ്റാഡ്-ന്റെ ചുമതലയുള്ള ഐ.ടി കൺസൾട്ടന്റും നൽകേണ്ടതും 2020 ഏപ്രിൽ-14 മുൻപായി പ്രൊജെക്ടുകൾ പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

4) ഓരോ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരെയും ഏല്പിച്ചിരിക്കുന്ന പ്രൊജെക്ടുകളെ പറ്റിയുള്ള വിശദാംശങ്ങൾ, അവയുടെ തൽസ്ഥിതിയും 2020 ഏപ്രിൽ-14 വരെ പൂർത്തീകരിച്ച ജോലിയുടെ വിശദാംശങ്ങളും ലോക്ക്ഡൗണിനു ശേഷമുണ്ടാകുന്ന പ്രവർത്തി ദിവസം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ് .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

പോൾ വർഗീസ്

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

പകർപ്പ്

1. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2 .പ്രൊ -വൈസ് ചാൻസിലർറുടെ പ്രൈവറ്റ് സെക്രട്ടറി
3 .രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ ചുമതല വഹിക്കുന്ന പ്രോഗ്രാമർ (സീടെക്സ്)
5.ഐ.ടി കൺസൾട്ടന്റ് (സിറ്റാഡ്)
5. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി/ ഡേ ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം